പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **1498** **16.03. 2015-** ൽ മറുപടിക്ക്

# നോർക്ക ലഭ്യമാക്കുന്ന ധനസഹായങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.സത്യൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) വിദേശത്ത് ജോലി ചെയ്യുമ്പോൾ മരണപ്പെടുകയോ പരിക്ക് പറ്റുകയോ ചെയ്യുന്നവർക്ക് ഏതെല്ലാം തരത്തിലുള്ള ധനസഹായങ്ങളാണ് നോർക്ക ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) വിദേശത്ത് ജോലി ചെയ്യുമ്പോൾ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് നിബന്ധനകൾക്ക് വിധേയമായി സാന്ത്വന പദ്ധതി പ്രകാരം മരണാനന്തര ധനസഹായം പരമാവധി 1 ലക്ഷം രൂപയും അപകടം മൂലമോ മറ്റോ പരിക്ക്പറ്റി മടങ്ങേണ്ടിവരുന്നവർക്ക് ചികിത്സാസഹായമായി പരമാവധി 50,000 രൂപയും ധനസഹായമായി ലഭ്യമാക്കുന്നുണ്ട്. |
| (ബി) വിദേശത്ത് ജോലി ചെയ്യുന്നവർക്ക് സംസ്ഥാന സർക്കാർ ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കുന്ന പദ്ധതി നിലവിലുണ്ടോ; | ബി) വിദേശത്ത് ജോലി ചെയ്യുന്നവർക്ക് പ്രവാസി തിരിച്ചറിയൽ കാർഡ് മുഖേന യുണൈറ്റഡ് ഇന്ത്യാ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് അപകട ഇൻഷ്യുറൻസ് പരിരക്ഷ ലഭ്യമാക്കുന്നുണ്ട്. |
| (സി) വിദേശത്ത് ജോലി ചെയ്യുന്നതിനിടയിൽ മരണപ്പെട്ടാൽ മൃതദേഹം നാട്ടിലെത്തിക്കുന്നതിന് ഏതെല്ലാം തരത്തിലുള്ള സഹായമാണ് സർക്കാർ ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) വിദേശരാജ്യങ്ങളിൽ വെച്ച് മരണമടയുന്ന പ്രവാസി മലയാളികളുടെ മൃതദേഹം സ്വദേശത്തേക്ക് എത്തിക്കുന്നതിനായി സ്പോൺസറോ ഇന്ത്യൻ എംബസിയോ ചെലവ് വഹിച്ചിട്ടില്ലെങ്കിൽ മരണപ്പെട്ട പ്രവാസിയുടെ നിയമാനുസൃതമുള്ള ആശ്രിതർക്ക് നോർക്ക നടപ്പാക്കുന്ന കാരുണ്യം പദ്ധതി പ്രകാരം 50,000 രൂപ വരെ ധനസഹായം നൽകുന്നുണ്ട്. കൂടാതെ ഇക്കാര്യത്തിൽ വകുപ്പിൽ ലഭ്യമാവുന്ന അപേക്ഷകളിൽ അതാത് |

രാജ്യങ്ങളുടെ എംബസിയുമായി ബന്ധപ്പെട്ട് പരേതരുടെ ഭൗതിക ശരീരം എത്രയും പെട്ടെന്ന് സ്വദേശത്ത് എത്തിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) സാന്ത്വനം പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ എത്ര പേർക്ക് ധനസഹായം ലഭിച്ചിട്ടുണ്ടെന്ന് പേര്, സ്ഥലം, ലഭിച്ച തുക എന്നിവ തരം തിരിച്ച് വ്യക്തമാക്കാമോ?

(ഡി) സാന്ത്വനപദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ ധനസഹായം അനുവദിച്ചവരുടെ വിശദാംശങ്ങൾ അനുബന്ധ മായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്